**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 350** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>കാഫിർ സ്ക്രീൻ ഷോട്ട് കേസ്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പാറക്കൽ അബ്ദുല്ല

ശ്രീ. എം. എ. റസാഖ് മാസ്റ്റർ

ശ്രീ. പി. കെ. ഫിറോസ്

ശ്രീ. പി. കെ. നവാസ്

ശ്രീ. രമേശ് ചെന്നിത്തല

(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** കഴിഞ്ഞ ലോകസഭാ തെരഞ്ഞെടുപ്പ് സമയത്ത് ഏറെ വിവാദങ്ങൾക്ക് വഴിവെച്ച കാഫിർ സ്ക്രീൻ ഷോട്ടുമായി ബന്ധപ്പെട്ട കേസന്വേഷണത്തിന് പ്രത്യേക സംഘത്തെ ചുമതലപ്പെടുത്തിയിട്ടുണ്ടോയെന്നും, വ്യാജ സ്ക്രീൻഷോട്ട് ആരുടെ പേരിലാണ് പ്രചരിപ്പിക്കപ്പെട്ടതെന്നും വിശദമാക്കാമോ;

**<u>മറുപടി:</u>** കഴിഞ്ഞ ലോകസഭാ തെരഞ്ഞെടുപ്പ് സമയത്ത് കാഫിർ സ്ക്രീൻ ഷോട്ടുമായി ബന്ധപ്പെട്ട് കോഴിക്കോട് റൂറൽ ജില്ലാ പോലീസ് മേധാവിയുടെ നേതൃത്വത്തിൽ ഒരു പ്രത്യേക അന്വേഷണ സംഘത്തെ (SIT) നിയോഗിച്ചിട്ടുണ്ട്.

പി. കെ. മുഹമ്മദ് കാസിം എന്നയാളുടെ പേരിലുള്ള വ്യാജ ഫേസ്ബുക്ക് അക്കൗണ്ടിലാണ് വ്യാജ സ്ക്രീൻഷോട്ട് പ്രചരിക്കപ്പെട്ടത്.

**(ബി)** പ്രസ്തുത കേസന്വേഷണം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** ഈ കേസിലെ സന്ദേശം ഷെയർ ചെയ്തവരെയും പ്രസ്തുത ഫെയ്സ് ബുക്ക് വാട്സ് ആപ്പ് ഗ്രൂപ്പ് അഡ്മിൻമാരെയും BNSS 180 വകുപ്പ് പ്രകാരം നോട്ടീസയച്ച് വരുത്തി ചോദ്യം ചെയ്ത് മൊഴി രേഖപ്പെടുത്തുകയും തുടർന്ന് ജിതിൻ, വയസ്സ് 33, പൂത്തൻപുരയിൽ വീട്, തിരുവള്ളൂർ, വടകര എന്നയാളെ വിശദമായി ചോദ്യം ചെയ്ത് മൊഴി രേഖപ്പെടുത്തിയതിൽ ടിയാൻ കുറ്റം ചെയ്തതായി വെളിവായതിനാൽ 16.06.2026 ൽ നിയമാനുസരണം അറസ്റ്റ് ചെയ്തിട്ടുള്ളതും 30.06.2026 തീയതി വരെ ജുഡീഷ്യൽ കസ്റ്റഡിയിൽ പാർപ്പിച്ചിട്ടുള്ളതുമാണ്.

ശേഷം റിമാന്റ് റിപ്പോർട്ടും കേസിലേക്ക് IPC വകുപ്പ് 201 കൂട്ടിച്ചേർക്കുന്നതിനും പ്രതിയുടെ പേരും വിലാസവും കൂട്ടിച്ചേർക്കുന്നതിനും ഉള്ള റിപ്പോർട്ടുകളും ബഹു.കോടതിയിൽ സമർപ്പിച്ചിട്ടുള്ളതാണ്. വ്യാജ കാഫിർ സ്ക്രീൻഷോട്ട് ഫേസ് ബുക്കിൽ പോസ്റ്റ് ചെയ്ത് ഇപ്പോഴും ഫേസ് ബുക്ക് പേജിൽ നിലനിർത്തിയിരിക്കുന്ന 1 മുതൽ 22 വരെയുള്ള അക്കൗണ്ടുകളുടെ വിവരങ്ങൾ അറിയുന്നതിനും കേസിലെ പ്രതിയായ ജിതിൻ ഉപയോഗിക്കുന്ന ഇ-മെയിൽ അക്കൗണ്ടുകളുടെ വിവരങ്ങൾ അറിയുന്നതിനും ജിതിൻ ഉപയോഗിക്കുന്ന മൊബൈൽ നമ്പറിന്റെ android id യുടെ വിവരങ്ങൾ ഫെയ്സ് ബുക്കിൽ നിന്നും അറിയുന്നതിനും സൈബർ സെൽ മുഖാന്തിരം അപേക്ഷ നൽകിയിട്ടുണ്ട്.

ഇനി ഈ കേസിന് മെറ്റയിൽ നിന്നും വ്യാജ കാഫിർ സ്ക്രീൻഷോട്ട് ഫേസ് ബുക്കിൽ പോസ്റ്റ് ചെയ്ത് ഇപ്പോഴും ഫേസ് ബുക്ക് പേജിൽ നിലനിർത്തിയിരിക്കുന്ന 1 മുതൽ 22 വരെയുള്ള അക്കൗണ്ടുകളുടെ വിവരങ്ങൾ അറിയുന്നതിനും DFSL - ൽ പരിശോധനയ്ക്ക് നൽകിയ മൊബൈൽ ഫോണുകളുടെ വിവരങ്ങൾ ലഭിക്കുന്നതിനും കൂടുതൽ സാക്ഷികളെ ചോദ്യം ചെയ്ത് രേഖപ്പെടുത്തേണ്ടതായുണ്ട്.

**സെക്ഷൻ ഓഫീസർ**